# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 12**

---

*ആശുപത്രികളിലെ അണുബാധയ്ക്ക് പരിഹാരമാകുന്ന സാങ്കേതിക വിദ്യ*

## ഡീപ്-ടെക് സ്റ്റാർട്ടപ്പിന് വാതിൽ തുറന്ന് എം.ജി. സർവകലാശാല

മികച്ച ആശയങ്ങളെ സമൂഹത്തിന് ഗുണകരമായ വാണിജ്യ ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് അവസരമൊരുക്കുന്ന എം.ജി. യൂണിവേഴ്സിറ്റി ഇന്നവേഷൻ ഫൗണ്ടേഷൻറെ (എം.ജി.യു.ഐ.എഫ്) സേവനം ഇനി ഡീപ്-ടെക് സ്റ്റാർട്ടപ്പ് മേഖലയിലും. ആശുപത്രികളിലെ അണുബാധ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ച പാൻലിസ് നാനോടെക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്റ്റാർട്ടപ്പിനെ ഫൗണ്ടേഷൻ ഇൻകുബേറ്റ് ചെയ്തു.

പാൻലിസിൻറെ തുടർ ഗവേഷണങ്ങൾ സർവകലാശാലാ കാമ്പസിലെ എം.ജി.യു.ഐ.എഫിൽ നടക്കും. ഇതിന് സർവകലാശാലയുടെ മുൻ വൈസ് ചാൻസലറും വിഖ്യാത പോളിമെർ ശാസ്ത്രജ്ഞനുമായ പ്രഫ. സാബു തോമസും രാജീവ് ഗാന്ധി സെൻറർ ഫോർ ബയോ ടെക്നോളജിയിലെ ലാബോറട്ടറി മെഡിസിൻ ആൻറ് മോളിക്കുലാർ ഡയഗ്നോസ്റ്റിക്സ് വിഭാഗം മേധാവി ഡോ. ആർ. രാധാകൃഷ്ണനും പിന്തുണ നൽകും.

സ്ഥാപനത്തിൻറെ പ്രവർത്തനോദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിച്ചു. എം.ജി.യു.ഐ.എഫ് ഡയറക്ടർമാരായ ഡോ. സാബു തോമസ്, പി.എ. ജോൺ, ഡോ. റോബിനെറ്റ് ജേക്കബ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ബെൻസി തോമസ്, പാൻലിസ് നാനോടെക് സ്ഥാപകൻ ഡോ. സിറിയക് ജോസഫ് പാലയ്ക്കൽ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സൂരജ് സഞ്ജീവ് എന്നിവർ സന്നിഹിതരായിരുന്നു.

ആശുപത്രികൾ സന്ദർശിക്കുന്നവർക്ക് പ്രത്യേകിച്ചും രോഗപ്രതിരോധ ശേഷി കുറവുള്ളവർക്ക് അണുബാധയുണ്ടാകാൻ സാധ്യതയുണ്ടെന്ന് പഠനങ്ങളിൽ കണ്ടെത്തിട്ടുണ്ട്. വൈറസുകളും ബാക്ടീരിയകളും ഉൾപ്പെടെയുള്ള ജൈവ വസ്തുക്കളെ നശിപ്പിക്കുകയും വായുവിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും അവ വ്യാപിക്കുന്നത് തടയുകയും ചെയ്യുന്നതുവഴി ഈ ഭീഷണി ഒഴിവാക്കാനാകും. ഇതിനുള്ള

സംവിധാനമാണ് സർവകലാശാലയിൽ ഇൻകുബേറ്റ് ചെയ്യപ്പെടുന്ന ആദ്യ ഡീപ് ടെക് സ്റ്റാർട്ടപ്പായ പാൻലിസ് നാനോടെക് വികസിപ്പിച്ചിട്ടുള്ളത്.

നാനോ ടെക്നോളജി മേഖലയിൽ രാജ്യത്തെ ഏറ്റവും മികച്ച ലാബോറട്ടറികളിലൊന്നാണ് എം.ജി. സർവകലാശാലയിലുള്ളത്. ഇവിടുത്തെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വിശദമായ തുടർ പഠനങ്ങൾക്കുശേഷം ഈ ഉപകരണം ഉന്നത നിലവാരത്തിൽ വിപണിയിലെത്തിക്കാനാണ് പാൻലിസ് ലക്ഷ്യമിടുന്നത്.

ആശുപത്രികളെ അണുവിമുക്തവും സുരക്ഷിതവുമായ അന്തരീക്ഷമൊരുക്കാൻ ഈ സാങ്കേതിക വിദ്യ സഹായകമാകുമെന്ന് ഡോ. സിറിയക് ജോസഫ് പാലയ്ക്കൽ പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ..**

1. എം.ജി. യൂണിവേഴ്സിറ്റി ഇന്നവേഷൻ ഫൗണ്ടേഷനിൽ പാൻലിസ് നാനോടെക് ഇന്ത്യ പ്രൈവെറ്റ് ലിമിറ്റഡിൻറെ പ്രവർത്തനോദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു. സൂരജ് സഞ്ജീവ്, ഡോ. സിറിയക് ജോസഫ് പാലയ്ക്കൽ, മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് എന്നിവർ സമീപം.

2. എം.ജി. യൂണിവേഴ്സിറ്റി ഇന്നവേഷൻ ഫൗണ്ടേഷനിൽ പാൻലിസ് നാനോടെക് ഇന്ത്യ പ്രൈവെറ്റ് ലിമിറ്റഡിൻറെ പ്രവർത്തനോദ്ഘാടനം നിർവഹിച്ച വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. സിറിയസ് ജോസഫ് പാലയ്ക്കൽ, പ്രഫ. സാബു തോമസ്, പ്രഫ. പി.ഐ. ജോൺ, ബെൻസി തോമസ്, സൂരജ് സഞ്ജീവ് എന്നിവർക്കൊപ്പം.

(പി.ആർ.ഒ/39/1096/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് മാക്രോബയോളജി(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ സെപ്റ്റംബർ 11 ന് നടത്താനിരുന്ന വൈവ വോസി സെപ്റ്റംബർ 18ന് അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1097/2023)

## പ്രാക്ടിക്കൽ

മെയ് മാസം വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3(2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 18 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..............................

രണ്ടാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻറ് മാനേജ്മെൻറ്, ഫാഷൻ ടെക്നോളജി, ഫാഷൻ ടെക്നോളജി ആൻറ് മർച്ചൻറൈസിങ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 18 ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

..............................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ്(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബറിൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

...............................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ഹോംസയൻസ് - ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ്(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 18 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1098/2023)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി(ഓണേഴ്സ് - 2012-2015 അഡ്മിഷനുകൾ സപ്ലിമെൻററി, 2011 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് - ഫെബ്രുവരി 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 26 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...........................

കഴിഞ്ഞ വർഷം മാർച്ചിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എസ്.സി മാത്തമാറ്റിക്സ്, എം.എ ഇംഗ്ലീഷ്(20162018 അഡ്മിഷൻ സപ്ലിമെൻററി, 2014-2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസ് അടച്ച് 2014 അഡ്മിഷൻ വിദ്യാർഥികൾ സർവകലാശാലയിൽ നേരിട്ടും 2015-2018 അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനിലും സമർപ്പിക്കണം. അവസാന തീയതി-

സെപ്റ്റംബർ 26.

(പി.ആർ.ഒ/39/1099/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**